**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 925** **18-09-2025 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടുത്തിയ വില്യംപാറ നഗറിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഭവനപുനരുദ്ധാരണം (17 എണ്ണം), കിണർ, കുടിവെള്ള ടാങ്ക് നവീകരണം എന്നിവ ആരംഭിച്ചിട്ടില്ല. സാംസ്കാരിക നിലയത്തിലേയ്ക്കുള്ള നടപ്പാത ആരംഭിച്ചിട്ടുണ്ട്. ഡ്രയിനേജ് പ്രവൃത്തി പൂർത്തീകരിച്ചു. സാംസ്കാരിക നിലയം പുരോഗമിക്കുന്നു. |
| (ബി) | 2016 മുതൽ നാളിതുവരെ നാദാപുരം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി അനുവദിച്ചതെന്നും ഒരോ പദ്ധതിയ്ക്കുമായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | 2016 മുതൽ നാളിതുവരെ നാദാപുരം മണ്ഡലത്തിൽ നിന്നും മരുതോങ്കര പഞ്ചായത്തിലെ വില്യംപാറ നഗറിനെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 96,20,410/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | മണ്ഡലത്തിൽ നാളിതുവരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടുത്തിയ ഓരോ ഉന്നതിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന വിശദാംശങ്ങൾ നൽകാമോ; | (സി) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടുത്തി തെരഞ്ഞെടുത്ത മരുതോങ്കര പഞ്ചായത്തിലെ വില്യംപാറ നഗറിൽ 28 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. |
| (ഡി) | കാവിലുംപാറ ഗ്രാമ പഞ്ചായത്തിലെ ഓടോം കാട്, വലിയപറമ്പ് എന്നീ പട്ടികവർഗ്ഗ ഉന്നതികൾക്ക് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം അനുവദിച്ച പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ഡി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കാവിലുംപാറ ഗ്രാമപഞ്ചായത്തിലെ ഓടോംകാട് ഉന്നതിയെ തെരഞ്ഞെടുത്തിട്ടില്ല.<br><br>2020-21 വർഷത്തെ അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത വലിയ പറമ്പ്-പൊയിൽ (ക്ലസ്റ്റർ) ഉന്നതിയിലെ 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ